പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5524

01.07.2014 ൽ
മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. പി.സി. വിഷ്ണുനാഥ്: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. യുവജനക്ഷേമ ബോർഡിന്റെ 14 ജില്ലാ യുവജനകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ജൂൺ 5 ന് പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പരിപാടി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്നറിയിക്കാമോ ; | (ബി) പ്രസ്തുത പരിപാടി മുഖേന താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഉദ്ദേശിക്കുന്നു.<br>1. യുവജനങ്ങളിൽ പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധത്തെപ്പറ്റി ഒരു അവബോധം സൃഷ്ടിക്കുക.<br>2. പ്രകൃതിയെ സംരക്ഷിക്കുക.<br>3. പരിസരം മാലിന്യമുക്തമാക്കുന്നതിനുള്ള പ്രചോദനം നൽകുക<br>4. പ്രകൃതിയെ അമിത ചൂഷണത്തിന് വിധേയമാക്കുന്നതിൽ നിന്നും പിൻതിരിയുന്നതിന് അറിവ് പകരുക. |
| (സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട് ; | (സി) പരിസ്ഥിതി സംരക്ഷണ സന്ദേശമുയർത്തി കൂട്ടയോട്ടം, വൃക്ഷത്തൈ വിതരണം, ഉപന്യാസ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) യുവജനക്ഷേമ ബോർഡ്, എറണാകുളം ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പരിസ്ഥിതി കമ്മിറ്റി, ജീവൻ ടി.വി, എൻ.എസ്.എസ് യൂണിറ്റ്, സി. അച്യുതമേനോൻ സ്മാരക സർക്കാർ കോളേജ്, വിവിധ യൂത്ത് ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടികൾ സംഘടിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ